REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

---

**തിയ്യതി: 02-09-2026** **സമയം 06.45 AM**

---

## പ്രധാന വാർത്തകൾ

- **പ്രധാനമന്ത്രി നരേന്ദ്രമോദി ജൽ ശക്തി മന്ത്രാലയത്തിന്റെ വകുപ്പുതല ഉച്ചകോടിയുടെ സമാപന സമ്മേളനത്തെ ഇന്ന് ന്യൂഡൽഹിയിൽ അഭിസംബോധന ചെയ്യും**
- **നേപ്പാളിലെ മിന്നൽപ്രളയത്തിൽ മരിച്ചവരുടെ എണ്ണം ആയിരം കടന്നു. 163 ഇന്ത്യൻ പൗരന്മാരെ രക്ഷപ്പെടുത്തിയതായി വിദേശകാര്യ മന്ത്രാലയം.**
- **മിഷൻ സമുദ്ര പദ്ധതിയുടെ ഭാഗമായി കോഴിക്കോടിനെ തുറമുഖ നഗരമാക്കി മാറ്റുമെന്ന് മുഖ്യമന്ത്രി VD സതീശൻ.**
- **ഇന്ന് ലോക നാളികേര ദിനം. ദേശീയ തല പരിപാടി തിരുവനന്തപുരത്ത് മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്യും.**
- **ചൈന മാസ്റ്റേഴ്സ് സൂപ്പർ 750 ബാഡ്മിന്റൺ ടൂർണമെന്റിൽ പ്രമുഖ ഇന്ത്യൻ താരങ്ങൾ ഇന്ന് കളത്തിലിറങ്ങും.**

## വാർത്തകൾ വിശദമായി

പ്രധാനമന്ത്രി നരേന്ദ്രമോദി ജൽ ശക്തി മന്ത്രാലയത്തിന്റെ വകുപ്പുതല ഉച്ചകോടിയുടെ സമാപന സമ്മേളനത്തെ ഇന്ന് ന്യൂഡൽഹിയിൽ അഭിസംബോധന ചെയ്യും. 'ടീം ഇന്ത്യ' എന്ന മനോഭാവം ശക്തിപ്പെടുത്തുന്നതിനും സഹകരണാത്മക ഫെഡറലിസം കൂടുതൽ ദൃഢമാക്കുന്നതിനും പ്രധാനമന്ത്രി വിഭാവനം ചെയ്ത വകുപ്പുതല ഉച്ചകോടികളുടെ പരമ്പരയിലെ ആദ്യത്തേതാണ് ഇന്നലെ ന്യൂഡൽഹിയിൽ ആരംഭിച്ച ദ്വിദിന സമ്മേളനം.

ഡെസ്ക് റിപ്പോർട്ട്....

(വോയ്സ്........)

നിർണായക  മേഖലകളിലെ മുൻഗണനാ വിഷയങ്ങൾ ചർച്ച ചെയ്യുന്നതിനും സമയബന്ധിതമായ കർമ്മപദ്ധതികൾക്ക് രൂപം നൽകുന്നതിനും കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകളെ ഓർമിപ്പിക്കുന്നതാണ് ജൽ ശക്തി മന്ത്രാലയത്തിന്റെ വകുപ്പുതല ഉച്ചകോടി. ജല അടിസ്ഥാന സൗകര്യ വികസന പദ്ധതികളുടെ സമയബന്ധിതമായ നടപ്പാക്കൽ, മഴവെള്ള സംഭരണത്തിൽ ജനപങ്കാളിത്തം എന്ന ആശയത്തിൽ 'ജൽ സഞ്ചയ് ജൻ ഭാഗിദാരി - ക്യാച്ച് ദ റെയിൻ' പദ്ധതി , കുടിവെള്ള സ്രോതസ്സുകളുടെ സുസ്ഥിരത, ജൽ ജീവൻ മിഷൻ 2.0 എന്നീ നാല് പ്രധാന മേഖലകളിലാണ് ഉച്ചകോടി ശ്രദ്ധ കേന്ദ്രീകരിക്കുന്നത്.

ദേശീയ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിൽ പങ്കാളിത്ത ഉത്തരവാദിത്തം പ്രോത്സാഹിപ്പിക്കുന്നതോടൊപ്പം ഭരണനിർവ്വഹണത്തിലും സേവന വിതരണത്തിലും പുരോഗതി ഉറപ്പാക്കാനും ഉച്ചകോടി ലക്ഷ്യമിടുന്നു.

✪✪✪

ബെൽജിയം പ്രധാനമന്ത്രി ബാർട്ട് ഡി വേവറിന്റെ മൂന്ന് ദിവസത്തെ ഇന്ത്യാ സന്ദർശനം ഇന്ന് ആരംഭിക്കും. ഉഭയകക്ഷി ബന്ധം മെച്ചപ്പെടുത്തുന്നതിന് പ്രാദേശിക, ആഗോള വിഷയങ്ങളെക്കുറിച്ച് പ്രധാനമന്ത്രി നരേന്ദ്രമോദിയുമായി അദ്ദേഹം ചർച്ച നടത്തും. ഇന്ത്യ-ബെൽജിയം സഹകരണം കൂടുതൽ ശക്തിപ്പെടുത്താൻ വേവറിന്റെ സന്ദർശനം അവസരമൊരുക്കുമെന്ന് വിദേശകാര്യ മന്ത്രാലയം അറിയിച്ചു.

✪✪✪

കേന്ദ്രമന്ത്രി പിയൂഷ് ഗോയൽ,  ജർമ്മൻ ആണവ സുരക്ഷാ മന്ത്രി കാർസ്റ്റൺ ഷ്നൈഡറുമായി ന്യൂഡൽഹിയിൽ കൂടിക്കാഴ്ച നടത്തി. സമ്പദ്‌വ്യവസ്ഥയിലെ സഹകരണം, മാലിന്യ സംസ്കരണം, പുനരുപയോഗ ഊർജ്ജം, നൂതന സാങ്കേതികവിദ്യ, സുസ്ഥിര വികസനം തുടങ്ങിയ വിഷയങ്ങൾ യോഗത്തിൽ ചർച്ചയായി.

✪✪✪

നേപ്പാളിലെ മിന്നൽപ്രളയത്തിൽ മരിച്ചവരുടെ എണ്ണം 1,050 ആയി ഉയർന്നു. 583 വിദേശികളും 83 സുരക്ഷാ ഉദ്യോഗസ്ഥരും ഉൾപ്പെടെ ഏകദേശം 4,000 പേരെ കാണാതായതായി നാഷണൽ ഡിസാസ്റ്റർ റിസ്ക് റിഡക്ഷൻ ആൻഡ് മാനേജ്മെന്റ് അതോറിറ്റി അറിയിച്ചു.

പ്രളയത്തിൽപ്പെട്ട 163 ഇന്ത്യൻ പൗരന്മാരെ രക്ഷപ്പെടുത്തിയതായി വിദേശകാര്യ മന്ത്രാലയം അറിയിച്ചു. ദുരന്തബാധിത പ്രദേശങ്ങളിൽ നിന്ന് 151 ഇന്ത്യൻ പൗരന്മാർ ചൈന അതിർത്തി വഴി സുരക്ഷിതമായി രാജ്യത്തേക്ക് മടങ്ങിയതായും മന്ത്രാലയം വ്യക്തമാക്കി.

ന്യൂസ് ഡെസ്കിൽ നിന്ന് കൂടുതൽ വിവരങ്ങൾ....

(വോയ്സ്....)

നേപ്പാൾ ചിലിമെയിലെ ജലവൈദ്യുത പദ്ധതിയുടെ തുരങ്കങ്ങളിൽ പ്രവേശിച്ച ഇന്ത്യൻ രക്ഷാപ്രവർത്തക സംഘത്തിന്, നിരവധി വെല്ലുവിളികൾ നേരിടേണ്ടി വന്നതായി വിദേശകാര്യ മന്ത്രാലയം അറിയിച്ചു. നൂതനമായ രീതികളും താൽക്കാലികമായി തയ്യാറാക്കിയ ഫ്ലോട്ടുകളും ഉപയോഗിച്ച് തുരങ്കത്തിനുള്ളിലേക്ക് കൂടുതൽ മുന്നോട്ട് പോകാൻ രക്ഷാ സംഘത്തിന് സാധിച്ചിട്ടുണ്ട്. തുരങ്കങ്ങളിൽ കുടുങ്ങിക്കിടക്കുന്നവരെ രക്ഷപ്പെടുത്താൻ ശ്രമങ്ങൾ ഇന്നും തുടരും.

അതേസമയം, ടിബറ്റ് അതിർത്തിയിലെ ഭോട്ടെകോശി നദിയിലൂടെ കഴിഞ്ഞ ആഴ്ച റാസുവയിലേക്ക് ഇരച്ചുകയറിയ വിനാശകരമായ പ്രളയത്തിന് കാരണം കാലാവസ്ഥാ വ്യതിയാനമാണെന്ന് നേപ്പാൾ പ്രധാനമന്ത്രി ബാലേന്ദ്ര ഷാ അറിയിച്ചു. ഹിമാലയൻ മേഖലയിലെ താപനില 1.8 ഡിഗ്രി വർധിച്ചതായി സ്ഥിരീകരിച്ചതിനാൽ, ദുരന്തത്തിന് കാരണം കാലാവസ്ഥാ വ്യതിയാനമാണെന്നതിൽ സംശയമില്ലെന്ന് അദ്ദേഹം സാമൂഹിക മാധ്യമത്തിൽ കുറിച്ചു. കാലാവസ്ഥാ വ്യതിയാനം ആഗോളതലത്തിലെ പ്രതിഭാസമാണെന്നും, അത്തരം ദുരന്തങ്ങളെ നേരിടേണ്ടത് ആഗോള ഉത്തരവാദിത്തമാണെന്നും അദ്ദേഹം പറഞ്ഞു.

✪✪✪

ഉക്രെയ്നിൽ ഇന്നലെയുണ്ടായ റഷ്യൻ ആക്രമണങ്ങളിൽ കൊല്ലപ്പെട്ട 12 പേരിൽ ഒരു ഇന്ത്യൻ പൗരനും ഉൾപ്പെടുന്നുവെന്ന് ഉക്രെയ്ൻ പ്രസിഡന്റ് വോലോഡിമിർ സെലെൻസ്കി അറിയിച്ചു. രാജ്യത്തിന്റെ വിവിധ ഇടങ്ങളിൽ ഡ്രോണുകളും ബാലിസ്റ്റിക് മിസൈലുകളും പതിച്ചതിനെത്തുടർന്ന് നിരവധി കെട്ടിടങ്ങൾ തകർന്നതായും അടിസ്ഥാന സൗകര്യങ്ങൾക്ക് കേടുപാടുകൾ സംഭവിച്ചതായും സെലെൻസ്കി സാമൂഹിക മാധ്യമത്തിൽ കുറിച്ചു. മരിച്ച ഇന്ത്യക്കാരന്റെ മൃതദേഹം എത്രയും വേഗം നാട്ടിലെത്തിക്കുന്നതിന് സാധ്യമായ എല്ലാ സഹായവും നൽകുന്നുണ്ടെന്ന് ഉക്രെയ്നിലെ ഇന്ത്യൻ എംബസി അറിയിച്ചു.

✪✪✪

സംസ്ഥാനങ്ങളിലെയും കേന്ദ്രഭരണ പ്രദേശങ്ങളിലെയും ഭക്ഷ്യവകുപ്പ് സെക്രട്ടറിമാരുടെ സമ്മേളനം ഭക്ഷ്യ-പൊതുവിതരണ വകുപ്പ് സെക്രട്ടറി സഞ്ജീവ് ചോപ്രയുടെ നേതൃത്വത്തിൽ ന്യൂഡൽഹിയിൽ നടന്നു. ഭക്ഷ്യധാന്യങ്ങളുടെ സംഭരണം, പൊതുവിതരണം, എന്നിവ ചർച്ചയിൽ പ്രധാന വിഷയങ്ങളായി. ഖാരിഫ് സീസണിലെ നെല്ല് സംഭരണ ലക്ഷ്യം 708 ലക്ഷം മെട്രിക് ടണ്ണിലധികമായി നിശ്ചയിച്ചതായി ഉപഭോക്തൃകാര്യ,ഭക്ഷ്യ-പൊതുവിതരണ മന്ത്രാലയം അറിയിച്ചു. 'പ്രധാൻ മന്ത്രി ഗരീബ് കല്യാൺ അന്ന യോജന'യ്ക്ക് കീഴിൽ മേന്മയേറിയ അരി വിതരണം ചെയ്യുന്ന നടപടികൾ മന്ത്രാലയം അവലോകനം ചെയ്തു.

✪✪✪

മിഷൻ സമുദ്ര പദ്ധതിയുടെ ഭാഗമായി കോഴിക്കോടിനെ തുറമുഖ നഗരമാക്കി മാറ്റുമെന്ന് മുഖ്യമന്ത്രി VD സതീശൻ പറഞ്ഞു. കോഴിക്കോട് സൗത്ത് മണ്ഡലത്തിന്റെ സമഗ്ര വികസനം ലക്ഷ്യമിട്ട് ഫൈസൽ ബാബു MLA യുടെ നേതൃത്വത്തിൽ സംഘടിപ്പിച്ച 'ഫ്യൂച്ചർ കാലിക്കറ്റ് 360' വികസന കോൺക്ലേവ് ഉദ്ഘാടനം ചെയ്യുകയായിരുന്നു മുഖ്യമന്ത്രി.

ലോജിസ്റ്റിക്സ്, കണ്ടെയ്നർ ഫെലിസിറ്റേഷൻ സെന്റർ, ട്രാൻഷിപ്പ്മെന്റ് ഉൾപ്പെടെ നിരവധി തൊഴിൽ സാധ്യതയുള്ള പദ്ധതികൾ തുറമുഖങ്ങളോടനുബന്ധിച്ച് ആരംഭിക്കുമെന്നും, സ്ഥലം ലഭ്യമായാൽ കോഴിക്കോട്ട് ക്രൂയിസ് ടെർമിനലും യാഥാർഥ്യമാക്കുമെന്നും മുഖ്യമന്ത്രി പറഞ്ഞു. ആദ്യ ബജറ്റിൽ പ്രഖ്യാപിച്ച കോഴിക്കോട് ലൈറ്റ് മെട്രോയുടെ പഠനങ്ങൾ പുരോഗമിക്കുകയാണെന്നും, അത് പൂർത്തിയാകുന്ന മുറക്ക് പദ്ധതി നടപ്പാക്കുമെന്നും മുഖ്യമന്ത്രി അറിയിച്ചു.

കോഴിക്കോട് നഗരത്തിൽനിന്ന് എയർപോർട്ടിലെത്താൻ പുതിയ സംവിധാനമൊരുക്കും. വിമാനത്താവളവുമായി ബന്ധപ്പെട്ട വികസന പദ്ധതികളും ഉണ്ടാകുമെന്നും VD സതീശൻ പറഞ്ഞു.

✪✪✪

കാലത്തിനനുസരിച്ച് സ്വയം നവീകരിക്കാത്ത രാഷ്ട്രീയ നേതാക്കളും ബിസിനസുകാരും കാലഹരണപ്പെടുമെന്നും ഇവർക്ക് ദീർഘവീക്ഷണം അനിവാര്യമാണെന്നും മുഖ്യമന്ത്രി VD സതീശൻ പറഞ്ഞു. നല്ല സംഘത്തെ സൃഷ്ടിച്ചെടുക്കുന്നതാണ് രാഷ്ട്രീയത്തിലും ബിസിനസിലും വിജയത്തിന്റെ അടിസ്ഥാനമെന്ന് അദ്ദേഹം പറഞ്ഞു. കോഴിക്കോട്ട് PV സാമി മെമ്മോറിയൽ ഇൻഡസ്ട്രിയൽ ആൻഡ് സോഷ്യോ കൾച്ചറൽ അവാർഡ് സമ്മാനിക്കുകയായിരുന്നു മുഖ്യമന്ത്രി.

രാഷ്ട്രീയനേതാവ് സമൂഹത്തിലെ മാറ്റങ്ങളും ബിസിനസുകാരൻ വിപണിയിലെ മാറ്റങ്ങളും സൂക്ഷ്മമായി നിരീക്ഷിക്കണമെന്നും മുഖ്യമന്ത്രി പറഞ്ഞു.

✪✪✪

തിരഞ്ഞെടുപ്പ് പ്രക്രിയ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി ചീഫ് ഇലക്ഷൻ കമ്മീഷണർ ഗ്യാനേഷ് കുമാറിന്റെ നേതൃത്വത്തിൽ ഉന്നതതല സംഘം ഇന്നും നാളെയും ഗോവ സന്ദർശിക്കും. ദ്വിദിന പരിപാടിയുടെ ഭാഗമായി മാർഗാവോയിലെ രവീന്ദ്ര ഭവനിൽ ബൂത്ത് ലെവൽ ഓഫീസർമാരുടെ യോഗം ഇന്ന് ചേരും.

✪✪✪

വയോജനങ്ങളുടെ ക്ഷേമവും സുരക്ഷിതത്വവും ഉറപ്പാക്കുന്നതിന് സംസ്ഥാന ഗവണ്മെന്റ് പുതുതായി രൂപീകരിച്ച വയോജനക്ഷേമ വകുപ്പിൽ ജീവനക്കാരുടെ തസ്തികകൾ പുനർവിന്യസിച്ചു. പൊതുഭരണ, ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പുകളിൽ നിന്നും പ്രധാന തസ്തികകളായ അഡീഷണൽ സെക്രട്ടറി, അണ്ടർ സെക്രട്ടറി, സെക്ഷൻ ഓഫീസർ, അസിസ്റ്റന്റുമാർ, കമ്പ്യൂട്ടർ അസിസ്റ്റന്റുകൾ എന്നിവയാണ് പുനർവിന്യസിച്ച് പൊതുഭരണ വകുപ്പ് ഉത്തരവിറക്കിയത്.

✪✪✪

ഇന്ന് ആഗോള നാളികേര ദിനം. ഇതോടനുബന്ധിച്ച ദേശീയ തല പരിപാടികൾ കേന്ദ്ര നാളികേര വികസന ബോർഡിന്റെ ആഭിമുഖ്യത്തിൽ ഇന്ന് തിരുവനന്തപുരത്തു നടത്തും. മുഖ്യമന്ത്രി VD സതീശൻ ഉദ്ഘാടനം ചെയ്യും. കേന്ദ്രസഹമന്ത്രി രാം നാഥ് താക്കൂർ പുരസ്ക്കാരങ്ങൾ സമ്മാനിക്കും.

കൂടുതൽ വിവരങ്ങളുമായി തിരുവനന്തപുരത്തു നിന്ന് ആകാശവാണി ലേഖകൻ സ്മിതി M പള്ളുരുത്തി.

....(വോയ്സ്)..........

✪✪✪

ചൈന മാസ്റ്റേഴ്സ് സൂപ്പർ 750 ബാഡ്മിന്റൺ ടൂർണമെന്റിൽ ഇന്ത്യയുടെ പ്രമുഖ താരങ്ങളായ ലക്ഷ്യ സെൻ, കിഡംബി ശ്രീകാന്ത്, തൻവി ശർമ്മ എന്നിവർ ഇന്ന് കളത്തിലിറങ്ങും. പുരുഷ ഡബിൾസിൽ മുൻനിര താരങ്ങളായ സാത്വിക് സായിരാജ് രെങ്കിറെഡ്ഡിയും ചിരാഗ് ഷെട്ടിയും ഇന്ന് മത്സരിക്കും.

ഇന്ത്യയുടെ ഉന്നതി ഹൂഡ ഇന്നലെ ടൂർണമെന്റിൽ നിന്ന് പുറത്തായിരുന്നു. വനിതാ സിംഗിൾസിന്റെ ആദ്യ റൗണ്ടിൽ, ദക്ഷിണ കൊറിയൻ താരത്തോടാണ് ഉന്നതി പരാജയപ്പെട്ടത്.

✪✪✪

ദുബായ് KMCC കൊയിലാണ്ടി നിയോജകമണ്ഡലം കമ്മിറ്റി ഏർപ്പെടുത്തിയ ബാഫഖി തങ്ങൾ കർമശ്രേഷ്ഠാ പുരസ്കാരം  മുഖ്യമന്ത്രി വി.ഡി. സതീശൻ, മുൻമന്ത്രി ഡോ. എം.കെ. മുനീറിന് കോഴിക്കോട്ട് സമ്മാനിച്ചു. മുസ്‌ലിംലീഗ് സംസ്ഥാന പ്രസിഡന്റ് പാണക്കാട് സയ്യിദ് സാദിഖലി ശിഹാബ് തങ്ങൾ ചടങ്ങ് ഉദ്ഘാടനം ചെയ്തു.  മന്ത്രി PK കുഞ്ഞാലിക്കുട്ടി മുഖ്യാതിഥിയായി. ഒരു ലക്ഷം രൂപയും പ്രശസ്തിപത്രവും അടങ്ങുന്നതാണ് പുരസ്കാരം.

✪✪✪

കോഴിക്കോട് ഗവണ്മെന്റ് ഹോമിയോപ്പതിക് മെഡിക്കൽ കോളജും ഇന്ത്യൻ കൗൺസിൽ ഓഫ് അഗ്രികൾച്ചറൽ റിസർച്ച്- ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പൈസസ് റിസർച്ചും സംയുക്ത ഗവേഷണത്തിനും അക്കാദമിക സഹകരണത്തിനും ധാരണാപത്രത്തിൽ ഒപ്പുവെച്ചു. ഔഷധ സസ്യങ്ങൾ, ഹോമിയോപ്പതി ഔഷധങ്ങൾ, സുസ്ഥിര കൃഷി,  അനുബന്ധ ശാസ്ത്ര മേഖലകൾ എന്നിവയിൽ ഗവേഷണം ശക്തിപ്പെടുത്തുകയാണ് സഹകരണത്തിന്റെ പ്രധാന ലക്ഷ്യം. IISR ഡയറക്ടർ ഡോ. R ദിനേശ്, കോഴിക്കോട് ഹോമിയോപ്പതി മെഡിക്കൽ കോളജ് പ്രിൻസിപ്പൽ ഡോ. മൻസൂർ അലി എന്നിവരാണ് ധാരണാപത്രത്തിൽ ഒപ്പുവെച്ചത്.

✪✪✪

നാഷണൽ ഫെഡറേഷൻ ഓഫ് ദ ബ്ലൈൻഡ് കേരള സംസ്ഥാന കമ്മിറ്റി നേതൃത്വത്തിൽ മലപ്പുറം ജില്ലയിലെ അംഗങ്ങൾക്കായി ഓണക്കിറ്റ് വിതരണം ചെയ്തു. ആനക്കയം ഗ്രാമപഞ്ചായത്ത് ഓഡിറ്റോറിയത്തിൽ നടന്ന ചടങ്ങിൽ 150 ഓളം അംഗങ്ങൾ പങ്കെടുത്തു.

✪✪✪

---

*News Editor :  പി ചന്ദ്രബാബു*
*News Reader: മണികണ്ഠൻ*
*News Team:ഫസ്ന ഫാത്തിമ*
*DEO: ഷീബ*